ICPS 3/1739/21

വനിത ശിശു വികസന വകുപ്പ്,
SCPS, പൂജപ്പുര, തിരുവനന്തപുരം.
തീയതി : 01.12.2021

വനിത ശിശു വികസന ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും.

മാഡം,

വിഷയം : വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ്- ബാലവേല തടയുന്നതിന്റെ ഭാഗമായി വിവരം നൽകുന്ന വ്യക്തിയ്ക്ക് ഇൻസന്റീവ് നൽകുന്ന പദ്ധതി സംബന്ധിച്ച്.

സൂചന : 22.07.2021 ലെ സർക്കാർ ഉത്തരവ് നമ്പർ. G.O.(Rt) No.486/2021/SJD.

ചൈൽഡ് ആന്റ് അഡോളസെന്റ് ലേബർ (പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ) നിയമപ്രകാരം 14 വയസ്സ് പൂർത്തിയാകാത്ത കുട്ടികളെ ജോലിയിൽ ഏർപ്പെടുത്തുവാൻ പാടില്ലാ യെന്നും 14 വയസ്സ് കഴിഞ്ഞതും 18 വയസ്സ് പൂർത്തിയാകാത്തതുമായ കുട്ടികളെ അപകടകരമായ ജോലികളിൽ ഏർപ്പെടുത്താൻ പാടില്ലായെന്നും നിയമത്തിൽ പരാമർശിയ്ക്കുന്നു. കുടുംബത്തിലെ ബുദ്ധിമുട്ടുകൾ, ദാരിദ്ര്യം, മറ്റു കാരണങ്ങൾ എന്നിവകൊണ്ട് കുട്ടികൾ ജോലി ചെയ്യേണ്ടി വരു മ്പോൾ അവരുടെ മാനസികവും ശാരീരികവുമായ വളർച്ചയെ ദോഷകരമായി ബാധിയ്ക്കുന്നു.

ബാലവേല നിയമപരമായി നിരോധിയ്ക്കുകയും ആയത് ക്രിമിനൽ കുറ്റകരമാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ആയത് കേരളത്തിൽ കുറവാണെങ്കിലും ഇതര സംസ്ഥാന തൊഴിലാളിക ളുടൊപ്പവും ഇടനിലക്കാർ വഴിയും കുട്ടികളെ കേരളത്തിൽ ജോലി ചെയ്യുന്നതിനായി കൊണ്ടുവ രുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ഇത് തടയുന്നതിനായി പൊതുജനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ മാത്രമെ ഫലപ്രാപ്തി ഉണ്ടാകുകയുള്ളു. ആയതിനാൽ ബാലവേല സംബന്ധിച്ച് വിവരം നൽകുന്ന വ്യക്തിയ്ക്ക് 2500/രൂപ വീതം നിരക്കിൽ ഇൻസെന്റീവ് നൽകിയാൽ പൊതുജനങ്ങൾ വിവരം നൽകുന്നതിനായി മുന്നോട്ടുവരികയും ഇതുവഴി ബാലവേല തടയാനും സാധിയ്ക്കുമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ മേൽസൂചനപ്രകാരം ബാലവേല സംബന്ധിച്ച് വിവരം നൽകുന്ന വ്യക്തിയ്ക്ക് 2500/രൂപ നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ചും പദ്ധതി പ്രകാരം അനുവദിയ്ക്കുന്ന തുക ചെലവഴിയ്ക്കുന്നതും സംബന്ധിച്ചുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ബാലവേല തടയുന്നതിന്റെ ഭാഗമായി പൊതുജനപങ്കാളിത്തം ഉൾപ്പെടുത്തികൊണ്ട് വിവരം നൽകുന്ന വ്യക്തിയ്ക്ക് 2500/രൂപ നിരക്കിൽ പാരിതോഷികം നൽകുന്ന ടി പദ്ധതി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ നേതൃത്വത്തിൽ നടപ്പിലാക്കേണ്ടതാണ്.

2. വ്യക്തമായ വിവരങ്ങൾ സഹിതവും വിവരങ്ങൾ സത്യമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ മാത്രം പാരിതോഷികം നൽകേണ്ടതാണ്.

3. ബാലവേല തടയുന്നതിന്റെ ഭാഗമായി ജില്ലകളിൽ വിവരങ്ങൾ അറിയിയ്ക്കേണ്ടത് ജില്ലാ ശിശു സംരക്ഷണ ഓഫീസർ അല്ലെങ്കിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനെയായിരിയ്ക്കണം.

4. വ്യക്തികൾ നൽകുന്ന വിവരത്തിൽ കുട്ടി ജോലി ചെയ്യുന്ന സ്ഥാപനം /സ്ഥലത്തിന്റെ പേരും വിലാസവും ഫോട്ടോയും, ഉടമസ്ഥന്റെ പേര് വിവരങ്ങൾ, കുട്ടി/കുട്ടികളുടെ ഫോട്ടോ (ഉണ്ടെങ്കിൽ) അല്ലെങ്കിൽ വ്യക്തമായി തിരിച്ചറിയാൻ പര്യാപ്തമായ മറ്റു വിവരങ്ങൾ ഉണ്ടായിരിയ്ക്കേണ്ടതാണ്.

5. വ്യക്തികൾ നൽകുന്ന വിവരം ജില്ലാ ശിശു സംരക്ഷണ ഓഫീസർ അല്ലെങ്കിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ, തൊഴിൽ, പോലീസ് മറ്റു ബന്ധപ്പെട്ട വകുപ്പുകൾ എന്നിവരുടെ സഹകരണത്തോടെ ബാലവേല തടയുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

6. ബാലവേല തടയുന്നതിനുള്ള വിവരങ്ങൾ നൽകുന്ന വ്യക്തിയ്ക്ക് അവർ നൽകുന്ന വിവരങ്ങൾ സത്യമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം 2500/രൂപ നിരക്കിൽ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നതാണ്.

7. പാരിതോഷികത്തിന് അർഹനായ വിവര ദാതാവിനുള്ള തുക രഹസ്യസ്വഭാവം നിലനിർത്തി കൊണ്ട് ബന്ധപ്പെട്ട വ്യക്തിയ്ക്ക് തുക നൽകുന്നതിനായി ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ടി പദ്ധതിയ്ക്കായി രൂപീകരിച്ച ഇ-മെയിൽ മുഖാന്തിരം ആയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിയ്ക്കുന്നപക്ഷം ജില്ലാ വനിത ശിശു വികസന ഓഫീസർ തുക അനുവദിയ്ക്കുന്നതാണ്. ടി തുക ജില്ലാ വനിത ശിശു വികസന ഓഫീസർ അതാത് ജില്ലാ ശിശു സംരക്ഷണ ഓഫീസറിന് (ഡി.സി.പി.ഒ) നൽകുകയും ആയത് ഡി.സി.പി.ഒ. ബന്ധപ്പെട്ട വ്യക്തികൾക്ക് അനുവദിച്ചു നൽകേണ്ടതും ഇക്കാര്യത്തിൽ രസീതിനു പകരം തുക നൽകിയ ഉദ്യോഗസ്ഥർ ആയത് ഒരു സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തി ഫയലിൽ സൂക്ഷിയ്ക്കേണ്ടതാണ്. സംസ്ഥാനതലത്തിൽ നിന്നും തുക അലോട്ട്മെന്റായി ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് നൽകുന്നതാണ്.

8. ഒരേ വിവരം ഒന്നിലധികം വ്യക്തികളിൽ നിന്നും ലഭിച്ചാൽ ആദ്യം വിവരം നൽകുന്ന വ്യക്തിയ്ക്കായിരിക്കും പാരിതോഷികത്തിന് അർഹതയുണ്ടാകുന്നത്. ആയതിനുശേഷം വിളിയ്ക്കുന്നവരെ ടി വിവരം ബോധ്യപ്പെടുത്തേണ്ടതാണ്.

9. വിവരം സ്വീകരിയ്ക്കുന്നതിന് എല്ലാ ജില്ലകളിലും പ്രത്യേക ഇ-മെയിൽ ഐ.ഡി. ഉണ്ടായിരിയ്ക്കേണ്ടതും അതിന്റെ പാസ് വേഡ് ജില്ലാ ശിശു സംരക്ഷണ ഓഫീസർ അല്ലെങ്കിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ രഹസ്യമായി സൂക്ഷിയ്ക്കേണ്ടതും യാതൊരു കാരണവശാലും മറ്റൊരാൾക്ക് കൈമാറുവാൻ പാടില്ലാത്തതാണ്. ഇ-മെയിൽ ഐ.ഡി., ഫോൺ നമ്പർ മുതലായവ എല്ലാം പ്രദർശിപ്പിയ്ക്കേണ്ടതും വ്യാപക പ്രചാരണം നൽകേണ്ടതുമാണ്.

10. നൂതന പദ്ധതി എന്ന നിലയിൽ ഈ പദ്ധതിയെ കുറിച്ച് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ മുഖേന വ്യാപക പ്രചാരണം നൽകേണ്ടതാണ്. വിവരദാതാക്കളുടെ ഐഡന്റിറ്റി യാതൊരു കാരണവശാലും വെളിപ്പെടുത്തുകയില്ലായെന്ന കാര്യം പൊതുജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതും അവരിൽ ആത്മവിശ്വാസം പകരാനും ശ്രമിയ്ക്കേണ്ടതാണ്.

11. വിവരദാതാക്കളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ടത് വകുപ്പിന്റെ ചുമതലയായതിനാൽ ഇതുമായി ബന്ധപ്പെട്ട നടപടികളുടെ എല്ലാ ഘട്ടത്തിലും രഹസ്യാത്മകത

ഉറപ്പുവരുത്തുവാൻ ആവശ്യമായ നടപടികൾ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ സ്വീകരിയ്ക്കേണ്ടതാണ്.

12. പദ്ധതിയ്ക്കായി ആരംഭിച്ച ഇ-മെയിൽ/ഫോൺ മുഖാന്തിരം അല്ലെങ്കിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് നേരിട്ടു ലഭിയ്ക്കുന്ന പരാതികൾ എന്നിവ ഈ പദ്ധതിയുടെ കീഴിൽ വരുന്നതാണ്.

13. പദ്ധതിയ്ക്കായി അനുവദിച്ചിട്ടുള്ള തുക സംസ്ഥാനതലത്തിൽ നിന്നും അതാത് വനിത ശിശു വികസന ഓഫീസർ മുഖേന ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് നൽകുന്നതും ആയത് വിവരദാതാവിന് അനുവദിയ്ക്കേണ്ടതുമാണ്. യാതൊരു കാരണവശാലും നടപടി ക്രമങ്ങളിൽ കോഡ് നമ്പർ അല്ലാതെ മറ്റു വിവരങ്ങൾ രേഖപ്പെടുത്തുവാൻ പാടില്ലാത്തതാണ്. കൂടാതെ ഇതിനായി പ്രത്യേകം ക്യാഷ് ബുക്ക് എഴുതി ജില്ലാ ശിശു സംരക്ഷണ ഓഫീസർ സൂക്ഷിയ്ക്കേണ്ടതാണ്.

14. അനുവദിയ്ക്കുന്ന തുകയുടെ ധനവിനിയോഗം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ടി പദ്ധതിയുടെ ആവശ്യത്തിനായുള്ള ഇ-മെയിൽ മുഖേന മാത്രം അറിയിയ്ക്കേണ്ടതാണ്. ആയതിലേയ്ക്കായി സംസ്ഥാനതലത്തിൽ പ്രത്യേക ഇ-മെയിൽ ഉണ്ടായിരിയ്ക്കുന്നതാണ്.

15. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ തടയാൻ കഴിഞ്ഞ റിപ്പോർട്ടുകളുടെ സ്ഥിതി വിവരണ കണക്ക് രഹസ്യാത്മകത നിലനിർത്തികൊണ്ടുതന്നെ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ പ്രത്യേക രജിസ്റ്റർ എഴുതി ബന്ധപ്പെട്ട ഉദ്യോസ്ഥന്റെ കൈവശം സൂക്ഷിയ്ക്കേണ്ടതാണ്.

16. ഓരോ പരാതിയ്ക്കും പ്രത്യേകം കേസ് നമ്പർ (കോഡ്) നൽകേണ്ടതും അത് റഫറൻസ് നമ്പറായി ഉപയോഗിയ്ക്കേണ്ടതുമാണ് (ഉദാഹരണം CL/1/2021/TVM).

17. ഈ പദ്ധതി പ്രകാരമുള്ള വിവരദാതാക്കളുടെ വിശദാംശങ്ങൾ വിവരാകാശ നിയമം 2005 സെഷൻ (8) പ്രകാരം വെളിപ്പെടുത്തേണ്ടതില്ല.

18. മേൽനിർദ്ദേശങ്ങൾ കർശനമായി പാലിയ്ക്കേണ്ടതും നൂതന പദ്ധതിയായതിനാൽ പദ്ധതി നിർവ്വഹണത്തിൽ എന്തെങ്കിലും തടസ്സം നേരിടുന്ന പക്ഷം റിവ്യൂ ചെയ്ത് ആവശ്യമെന്നു കണ്ടാൽ മേൽ നിർദ്ദേശങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നതുമാണ്.

ടി സാഹചര്യത്തിൽ ബാലവേല തടയുന്നതിനായി പൊതുജനങ്ങൾക്കിടയിൽ വ്യാപക പ്രചരണം നടത്തേണ്ടതും ആയത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും അറിയിപ്പ് നൽകേണ്ടതും ആയതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ

അംഗീകാരത്തോടെ,

പ്രോഗ്രാം മാനേജർ, ഐ.സി.പി.എസ്.

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12
WOMEN & CHILD DEVELOPMENT DEPARTMENT